## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 201 — 25/04/2017 ൽ മറുപടിയ്ക്ക്

### വിജിലൻസ് നടപടിക്രമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ

| | ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിജിലൻസിന്റെ പ്രവർത്തനത്തെ കേരള ഹൈക്കോടതി വിമർശിച്ച സാഹചര്യം ഉണ്ടായിട്ടുണ്ടോ;ഉണ്ടെങ്കിൽ ഏതെല്ലാം കേസ്സുകളുടെ വിസ്താരവേളയിലായിരുന്നു പ്രസ്തുത പരാമർശങ്ങൾ എന്നറിയിക്കാമോ; | എ) | ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 08/03/2017 - ലെ ഡബ്യൂ.പി(സി) 30853/16- ൻ മേലുള്ള ഉത്തരവിലും, ഒ.പി.(സി.ആർ.എൽ)നമ്പർ 83/2017 ലും,ഐ.എ നമ്പർ.242/2017 ലും കോടതി പരാമർശം ഉണ്ടായിട്ടുണ്ട്.കൂടാതെ കണ്ണൂർ സ്കൂൾ യുവജനോത്സവത്തിൽ വിധികർത്താക്കൾക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത വിഷയത്തിലും മുൻ വ്യവസായ മന്ത്രി ശ്രീ.ഇ.പി ജയരാജന് എതിരായ കേസും പരിഗണിക്കവേ ഹൈക്കോടതിയുടെ പരാമർശങ്ങൾ ഉണ്ടായിട്ടുണ്ട്. |
| ബി) | വിജിലൻസ് നടപടികളിൽ അതിരുവിട്ട അരാജകത്വമെന്ന് കേരള ഹൈക്കോടതി വിമർശിക്കുവാനുണ്ടായ സാഹചര്യമെന്താണ്;ഈ വിമർശനത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് നടപടിക്രമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;വിശദാംശം നൽകുമോ? | ബി) | ഒ.പി(സി.ആർ.എൽ)നമ്പർ 83/2017,ഐ.എ നമ്പർ.242/2017 എന്നീ കേസുകൾ പരിഗണിക്കവെയാണ് ടി പരാമർശം ഉണ്ടായത്. |

സെക്ഷൻ ഓഫീസർ